# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2291

8.12.2015 ലെ മറുപടിക്ക്

## മുഖാമുഖം സഹകാരി പരിപാടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ടി. എൻ. പ്രതാപൻ<br>ശ്രീ. കെ. എസ്. ശബരീനാഥൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ മുഖാമുഖം സഹകാരി സമ്പർക്ക പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സഹകാരി സമ്പർക്ക പരിപാടി മുഖാമുഖം 2013 എല്ലാ ജില്ലകളിലും നടത്തിയിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ നൽകുമോ ; | ബി) സഹകരണ മേഖലയും സംഘങ്ങളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുക, സഹകരണ മേഖലയുടെ വികസനത്തിന് ഉതകുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കുക, സഹകരണ വകുപ്പും സഹകരണ സംഘങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുക, സഹകാരികൾക്ക് അഭിപ്രായം പ്രകടിപ്പിക്കുന്നതിനുള്ള വേദി ഒരുക്കുക എന്നിവയാണ് സഹകാരി സമ്പർക്ക പരിപാടി മുഖാമുഖം 2013 സംഘടിപ്പിച്ചതിന്റെ ഉദ്ദേശ്യ ലക്ഷ്യം. |

.......2/

സി) ഇതിന്റെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

സി) ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റുമാർ, സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻമാർ, സംഘം പ്രസിഡന്റുമാർ, പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസിയേഷൻ ഭാരവാഹികൾ, സഹകരണ സംഘം ജീവനക്കാരുടെ സംഘടനകളുടെ ഭാരവാഹികൾ, സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരുടെ പങ്കാളിത്തം ഉറപ്പുവരുത്തിയിരുന്നു. സഹകരണ മേഖല അഭിമുഖീകരി ക്കുന്ന പൊതുവായ പ്രശ്നങ്ങളും, സഹകരണ മേഖലയിൽ ഓരോ സെക്ടറും നേരിടുന്ന പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ലഭിച്ച നിർദ്ദേശങ്ങൾ പരിശോധിച്ച് ആവശ്യമായവയിൽ കേരള സഹകരണ നിയമത്തിലും ചട്ടത്തിലും ഭേദഗതി വരുത്തുകയുണ്ടായി. സഹകരണ മേഖലയുടെ അടിസ്ഥാന ആവശ്യങ്ങൾ ആഴത്തിൽ വിലയിരുത്തുന്നതിനും പ്രാദേശിക തലത്തിലുള്ള പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും ഈ നൂതന പരിപാടികളിലൂടെ സാധിച്ചു.

സെക്ഷൻ ഓഫീസർ